**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 27/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

നമ്മുടെ പരിശുദ്ധ സഭയുടെ സുവിശേഷ ദൗത്യം വിവിധ തലങ്ങളിൽ അർത്ഥപൂർണ്ണമായി നടന്നുകൊണ്ടിരിക്കുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം. പ്രത്യേകിച്ച് തെലുങ്കാനയിലെ യാച്ചാരം, പൂനയിലെ ദേഹു റോഡ്, ബാംഗ്ലൂരിലെ കുണിഗൽ തുടങ്ങിയ സ്ഥലങ്ങളിലെ ബാലഗ്രാമുകൾ കുഷ്ഠരോഗികളുടെ കുട്ടികൾക്കുവേണ്ടി പ്രവർത്തിച്ചുവരുന്നു. യാച്ചാരം ബാലഗ്രാമിൽ കുഷ്ഠരോഗികളുടെ നൂറിലധികം കുഞ്ഞുങ്ങൾ ഒന്നാം ക്ലാസ്സ് മുതൽ എഞ്ചിനീയറിംഗ്, എം.ബി.ബി.എസ് വരെയുള്ള തലങ്ങളിൽ പഠിക്കുന്നു. പഠനശേഷം വിവിധ നിലകളിൽ വിദേശത്തും സ്വദേശത്തുമായി അവർ ജോലി ചെയ്യുന്നു. യാച്ചാരം ബാലഗ്രാമിനോടു ചേർന്ന് കണ്ണാശുപത്രിയും വൃദ്ധമന്ദിരവും വളരെ സ്തുത്യർഹമായി പ്രവർത്തിക്കുന്നത് സമീപ ഗ്രാമവാസികൾക്ക് ഒരനുഗ്രഹമാണ്. കുഞ്ഞുങ്ങളുടെ പഠനത്തിനായി ആരംഭിച്ച സ്കൂളും അനുഗ്രഹകരമായി പ്രവർത്തിക്കുന്നു. ക്രൈസ്തവ സാക്ഷ്യത്തിന്റെ പ്രകാശഗോപുരങ്ങളായി പരിലസിക്കത്തക്കവിധം ഈ സ്ഥാപനങ്ങളുടെ തുടർന്നുള്ള വളർച്ചയ്ക്കും വികസനത്തിനുമായി നമുക്ക് പ്രാർത്ഥിക്കാം.

പ്രിയരെ, ഈ വർഷത്തെ ഗർബ്ബോ ഞായറാഴ്ച 2025 മാർച്ച് 9-ാം തീയതിയാണല്ലോ. അന്നേ ദിവസം ലോകമെങ്ങുമുള്ള കുഷ്ഠരോഗികൾക്കും എയ്ഡ്സ് രോഗികൾക്കും വേണ്ടിയും, പ്രത്യേകിച്ച് അവർക്കും അവരുടെ കുഞ്ഞുങ്ങൾക്കുമായി പരിശുദ്ധ സഭയുടെ ചുമതലയിൽ നടത്തപ്പെടുന്ന സ്ഥാപനങ്ങൾക്കുവേണ്ടിയും, അതിലെ പ്രവർത്തകർക്കുവേണ്ടിയും, പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥന നടത്തണം. അന്നേ ദിവസത്തെ കാണിക്കയും പ്രത്യേക സംഭാവനകളും The Director, St. Gregorios Balagram, Yacharam P.O, (via) Ibrahim Patnam, R. R. District, Telangana -501509 എന്ന വിലാസത്തിൽ അയച്ചുകൊടുക്കുകയും ചെയ്യണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2025 ജനുവരി മാസം 31-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.